(സി) ഈ സ്കൂൾ കെട്ടിടം വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസിന് വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ഡി.പി.ഐ.-യുടെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന മേൽപ്പറഞ്ഞ സ്കൂൾ കെട്ടിടം വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസിന് വിട്ടുകൊടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിർത്തലാക്കിയ ആലുവ തോട്ടയ്ക്കാട്ടുകര സർക്കാർ എൽ. പി. സ്കൂൾ കെട്ടിടവും സ്ഥലവും വി.എച്ച്.എസ്.ഇ. മേഖലാ ആഫീസിന് അനുവദിക്കണമെന്ന വി. എച്ച്. എസ്. ഇ. ഡയറക്ടറുടെ ആവശ്യം പരിശോധിച്ചു വരികയാണ്.

(ബി) ഉണ്ട്. രണ്ട് ഹാളിൽ ആകെയുള്ള എട്ട് മുറികളിൽ ഓരോ മുറികൾ സാക്ഷരതാപ്രവർത്തനത്തിനും അംഗൻവാടിക്കുമായി ഉപയോഗിക്കുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാത്തതാണ് കാരണം. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസ്

46 [1147] ശ്രീ. നാലകത്ത് സൂപ്പി :
,, പി. കെ. അബ്ദുറബ്ബ് :
,, കെ. എൻ. എ. ഖാദർ :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസ് അനുസരിച്ച് വിവിധ തസ്തികകളിലേക്ക് ഇപ്പോൾ പി.എസ്.സി. നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷകളെ ഇത് ഏതെങ്കിലും തരത്തിൽ ബാധിക്കുമോ ;

(സി) ടി സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നപക്ഷം പി.എസ്.സി. ഇപ്പോൾ നടത്തുന്ന പരീക്ഷകൾ റദ്ദാക്കേണ്ടി വരുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സബ്ജക്ട് കമ്മിറ്റി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, വി. എച്ച്. എസ്. ഇ. കരിക്കുലാ കമ്മിറ്റി എന്നിവ നൽകിയ ശുപാർശകളും അഭിപ്രായങ്ങളും പരിഗണിച്ച് സമഗ്രമായി ഭേദഗതി ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. അത് പൂർണ്ണമാകുമ്പോഴേ ഇപ്പോൾ പി.എസ്.സി. നടത്തിവരുന്ന നിയമന നടപടികളെ ബാധിക്കുമോയെന്ന കാര്യത്തിൽ വ്യക്തതയുണ്ടാവുകയുള്ളു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തിക

47 [1148] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്) തസ്തികയിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചു ;

(ബി) ഇടുക്കി ജില്ലയിൽ ട്രേഡ്സ്മാൻ തസ്തികയിലേക്ക് ഇപ്പോൾ എത്ര ഒഴിവുകളാണ് ഉള്ളത് ; ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 9 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ വിവിധ ബ്രാഞ്ചുകളിലുള്ള ട്രേഡ്സ്മാൻ തസ്തികയുടെ ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ് :

ഇൻഫർമേഷൻ ടെക്നോളജി	-	3
കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്	-	2
ഇലക്ട്രോണിക്സ്	-	8
ഇലക്ട്രിക്കൽ	-	4
വെൽഡിംഗ്	-	1
എസ്.എം. ലാബ്	-	1
കാർപെന്ററി	-	1
സിവിൽ	-	2

ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GPM. 2/154/2013—11

LIBRARY ARCHIVES Kerala Legislative Assembly